## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *113 02.03.2017 -ലെ മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം

ചോദ്യം

ശ്രീ. എ. എൻ. ഷംസീർ

,, എസ്.ശർമ്മ

,, കെ.ഡി. പ്രസേനൻ

,, ജോർജ് എം. തോമസ് :

ഉത്തരം

പ്രൊഫ. സി രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ, യു.ജി.സി., എ ഐ സി റ്റി ഇ, കൗൺസിൽ ഓഫ് ആർക്കിടെക്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരുന്നു. എന്നിരുന്നാലും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി **04.02.2017** തീയതിയിലെ ജി.ഒ.(എം.എസ്) നം.**37/2017/**ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ മേൽ ഏതൊക്കെ തരത്തിലുള്ള ഭരണപരവും അക്കാദമികവും സാമൂഹികവുമായ നിയന്ത്രണങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | |
| (സി) | വിദ്യാർത്ഥി സംഘടനകളെ ഇല്ലായ്മ ചെയ്യുന്ന അശാസ്ത്രീയമായ ഇന്റേണൽ മാർക്ക് സംവിധാനം നിർത്തലാക്കാൻ നടപടിയെടുക്കുമോ; | (സി) | ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 03.02.2017 ലെ ജി.ഒ. (സാധാ) നം.**179./2017/**ഉവിവ ഉത്തരവ് പ്രകാരം എം.ജി. സർവകലാശാല വൈസ് ചാൻസലർ കൺവീനറും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല, ആരോഗ്യ സർവകലാശാല , കാലിക്കറ്റ് സർവകലാശാല വൈസ്ചാൻസർമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അച്ചടക്കത്തിന്റെ പേരിൽ അടിമത്തം നടമാടുന്ന സ്ഥാപനങ്ങളിൽ സ്വതന്ത്ര വിദ്യാർത്ഥി ജീവിതം ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (ഡി) | ജസ്റ്റീസ് കെ.കെ.ദിനേശൻ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചതിന് ശേഷം മാത്രമേ തുടർ നടപടികൾ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ